## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4618 23/07/2015-ൽ മറുപടിക്ക്**

# വൈദ്യുതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പദ്ധതികൾ

| ചോദ്യം<br>ശ്രീ. വി.ശശി | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| --- | --- |
| ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പുതുതായി എന്തെല്ലാം പദ്ധതികൾ കെ.എസ്.ഇ.ബി.യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയെന്ന് വിവരിക്കാമോ; ഇതിനായി ഓരോവർഷവും നീക്കിവച്ച തുകയെത്രയെന്നും അതിലുണ്ടായ ചെലവെത്രയെന്നും വിവരിക്കാമോ? | റാന്നി-പെരിനാട് (4 MW) പീച്ചി (1.25 MW), വിലങ്ങാട് (7.5 MW), ചിമ്മിണി (2.5 MW) എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ശബരി ഗിരി പദ്ധതിയിലെ നാലാമത്തെ യൂണി റ്റിന്റെ പുനർനിർമ്മാണം പൂർത്തിയാക്കി 5 MW കൂട്ടുതൽ ഉല്പാദനശേഷി കൈ വരിച്ചു. പൊരിങ്ങൽകുത്ത് പദ്ധതിയിലെ നാലു യൂണിറ്റുകളുടെയും നവീകരണം പൂർത്തി യാക്കി മൊത്തം 4 MW അധിക ഉല്പാദന ശേഷി കൈവരിച്ചു. ആഢ്യൻപാറ പദ്ധതി (3.5MW) പൂർത്തിയായി. 8 കോടി രൂപ ചെലവിൽ കഞ്ചിക്കോട് 220 KV Substation പരിസരത്ത് സ്ഥാപിക്കുന്ന 1 MW ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി 2015 ജൂലൈ മാസത്തിൽ പൂർത്തീകരിക്കുന്നതാണ്. പാലക്കാട് അഗളി – ചാലയൂർ ട്രൈബൽ കോളനിയിൽ 96KW ശേഷിയുള്ള 110 ലക്ഷം രൂപയുടെ സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ആറു മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കും. തൃശ്ശൂർ ജില്ലയിലെ പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ പവർഹൗസിന് |

മേൽക്കൂരയ്ക്ക് മുകളിൽ സ്ഥാപിക്കു വാനുദ്ദേശിക്കുന്ന 50 KW ന്റെ 60 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതി ഒരു മാസത്തിനുള്ളിൽ പൂർത്തീ കരിക്കും. പാലക്കാട് ജില്ലയിലെ 15 കോളനികൾ 531.83 ലക്ഷം രൂപ ചെലവിൽ 131.5 കി.വാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി RGGVY പദ്ധതി പ്രകാരം ഫണ്ട് അനുവദി ച്ചിട്ടുണ്ട്. ഇതിൽ അഞ്ചു കോളനികളിലേ യ്ക്കുള്ള പദ്ധതി നിർവ്വഹണം ഡിസംബർ 2015 ഓട്ടു കൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഉല്പാദന മേഖലയിലെ വിവിധ പദ്ധതികൾക്കായി നീക്കി വച്ച തുക

| വർഷം | നീക്കി വച്ചത് ( രൂപ കോടിയിൽ) | ചെലവഴിച്ചത് (രൂപ കോടിയിൽ) |
|---|---|---|
| 2011-2012 | 383.7 | 160 |
| 2012-2013 | 274.3 | 256.7 |
| 2013-2014 | 256.5 | 230 |
| 2014-2015 | 338.9 | 258 |
| 2015-2016 | 385.6 | 35.8(ജൂൺ വരെ) |

**സെക്ഷൻ ഓഫീസർ**